<u>ജില്ലാ കോടതി, തലശ്ശേരി,</u>

<u>ലേല പരസ്യം</u>

തലശ്ശേരി കോടതി വളപ്പിലെ 5 തെങ്ങിലും 2 മാവിലും ഉണ്ടാകുന്ന അനുഭവങ്ങൾ **01-07-2026** മുതൽ **30-06-2027** വരെയുള്ള കാലത്തേക്ക് പറിച്ച് എടുക്കുവാനുള്ള അവകാശം തലശ്ശേരി ജില്ലാ കോടതി സെൻട്രൽ നാജർ **<u>27-06-2026 നു പകൽ 2.30</u>** മണിക്ക് നാജർ ഓഫീസ് പരിസരത്തുവച്ച് പരസ്യമായി ലേലം ചെയ്തു വില്ക്കുന്നതാണെന്നു എല്ലാവരെയും ഇതിനാൽ അറിയിക്കുന്നു. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിനു മുമ്പായി 200 രൂപ (ഇരുന്നൂറ് രൂപ മാത്രം) വീതം നിരത ദ്രവ്യം സെൻട്രൽ നാജർ വശം കെട്ടി വയ്ക്കേണ്ടതാണ്. ലേലത്തിൽ ഏറ്റവും അധികം തുക വിളിച്ചയാൾ നിരത ദ്രവ്യം കഴിച്ചു ബാക്കി സംഖ്യ മുഴുവനും അപ്പോൾ തന്നെ അടക്കേണ്ടതാണ്. മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാൽ ഉടൻ തന്നെ മടക്കി കൊടുക്കുന്നതും അവർ വങ്ങേണ്ടതുമാണ്. ലേലം സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും അന്തിമ തീരുമാനവും, ലേലം സ്ഥിരപ്പെടുത്തുന്നതും തലശ്ശേരി ജില്ലാ ജഡ്ജി അവർകളുടെ കല്പനയ്ക്ക് വിധേയമായിരിക്കും.

സ്ഥിരപെട്ട ലേലക്കാരൻ മേൽ പാട്ടാവകാശം ലേലത്തിൽ എടുത്തതിനും മറ്റുമുള്ള വിവരങ്ങൾ ഉൾകൊള്ളുന്ന നിയമാനുസൃതമായ ഉടമ്പടിയിൽ ഒപ്പ് വെക്കേണ്ടാതാകുന്നു.

ലേല സംഖ്യയുടെ 5% (അഞ്ചു ശതമാനം) വരുന്ന സംഖ്യ ലേലക്കാരൻ ജാമ്യമായി കേട്ടിവേക്കേണ്ടതും കാലാത്താൽ പറമ്പിൽ ചെയ്യേണ്ടുന്ന കൊത്തും, വളം ചേർക്കലും മറ്റും കൃത്യമായി തന്നെ നടത്തേണ്ടതും ആയതിനു വീഴ്ച വരുത്തിയാൽ ജാമ്യ സംഖ്യ ഗവണ്മെൻറിലേക്ക് കണ്ടു കെട്ടുന്നതും ആകുന്നു.

Upset price fixed	Rs.1200/- (ആയിരത്തി ഇരുന്നൂറ് രൂപ മാത്രം) 5 തെങ്ങും 2 മാവിനും കൂടി.

ലേല തീയ്യതി : 27-06-2026.

ലേല സമയം : പകൽ 2.30 മണി.

ലേല സ്ഥലം : സെൻട്രൽ നാജർ ഓഫീസ്.

ജില്ലാ കോടതി, തലശ്ശേരി.

ഉത്തരവിൻ പ്രകാരം

ശിരസ്തദാർ

ജില്ലാ കോടതി, തലശ്ശേരി.
തീയ്യതി : 16-06-2026.

കോപ്പികൾ :

1. ജില്ലാ കോടതി നോട്ടീസ് ബോർ ഡ്.
2. സബ് കോടതി നോട്ടീസ് ബോർ ഡ്.
3. മുൻ സിഫ് കോടതി നോട്ടീസ് ബോർ ഡ്.
4. സെൻ ട്രൽ നാജർ ഓഫീസ് കോടതി നോട്ടീസ് ബോർ ഡ്.
5. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി നോട്ടീസ് ബോർ ഡ്.
6. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി നോട്ടീസ് ബോർ ഡ്.
7. മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ തലശ്ശേരി നോട്ടീസ് ബോർ ഡ്.
8. സെക്രട്ടറി, ബാർ അസ്സോസിയേഷൻ, തലശ്ശേരി.
9. താലൂക്ക് ഓഫീസ്, തലശ്ശേരി നോട്ടീസ് ബോർഡ്.
10. വില്ലേജ് ഓഫീസ് തലശ്ശേരി നോട്ടീസ് ബോർ ഡ്.
11. മുനിസിപ്പൽ ഓഫീസ് തലശ്ശേരി നോട്ടീസ് ബോർ ഡ്.
12. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി ഡബ്ല്യൂ ഡി ബിൽഡിംഗ്, തലശ്ശേരി (നോട്ടീസ് ബോർഡ്) .
13. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി ഡബ്ല്യൂ ഡി ബിൽഡിംഗ്, തലശ്ശേരി (നോട്ടീസ് ബോർഡ്)
14. ജില്ലാ കോടതി വെബ്സൈറ്റ്